# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.459 - 24/01/2018 -ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടബാധ്യത

**ചോദ്യം** | **ഉത്തരം**

ശ്രീ. പി. ഉബൈദുള്ള

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ കടബാധ്യത 2017 ഡിസംബർ 31 വരെ എത്രയെന്ന് വെളിപ്പെടുത്താമോ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2017 നവംബർ 30 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യത 207700.18 കോടി രൂപയാണ്. |
| ബി | ഈ സർക്കാർ കടപ്പത്രങ്ങൾ മുഖേനയും മറ്റ് മാർഗ്ഗങ്ങളിലൂടെയും എത്ര തുക വായ്പയെടുത്തുവെന്ന് വ്യക്തമാക്കമോ ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 01.04.2016 മുതൽ 30.11.2017 വരെ 50329.85 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിങ്സ് (NSSF) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ് . |
| സി | കഴിഞ്ഞ രണ്ട് മാസമായി ട്രഷറികൾ നിയന്ത്രിച്ചും കർശന സാമ്പത്തിക അച്ചടക്കം പാലിച്ചും ചെലവുകൾ നിയന്ത്രിക്കുന്ന സാഹചര്യം ഉണ്ടായത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ; | നോട്ടു നിരോധനത്തെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക അനിശ്ചിതാവസ്ഥയും ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ കുത്തനെയുള്ള ഇടിവും റവന്യൂ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും സാമ്പത്തിക ഞെരുക്കത്തിന് കാരണമായിരുന്നു. പതിവിൽ നിന്നു വിഭിന്നമായി പബ്ലിക്ക് അക്കൗണ്ടിലെ പണം കൂടി അനുവദനീയ കട പരിധിയിൽപെടുത്തി വർഷത്തിലെ കടമെടുപ്പ് പരിധിയിൽ കുറവു വരുത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ |

| | | |
|---|---|---|
| | | തീരുമാനം താൽക്കാലിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| ഡി | ട്രഷറി നിയന്ത്രണം മൂലം സംസ്ഥാനത്ത് വികസന പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സാമ്പത്തിക ഞെരുക്കത്തിന്റെ ഭാഗമായി വികസന പദ്ധതി ഉൾപ്പെടെയുള്ള ചെലവുകൾക്ക് താൽക്കാലികമായി ഏർപ്പെടുത്തിയിരുന്ന ട്രഷറി നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതിനാൽ വികസന പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. മുൻവർഷം ഇതേ കാലയളവിലെ പദ്ധതി ചെലവിനേക്കാൾ 20.35 % അധിക പദ്ധതി ചെലവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**